Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 9.9.2017
*Ref: 230POC/DIR*

# ക്രൈസ്തവർ ലോകത്തെ പ്രകാശിപ്പിക്കുന്നവരാകണം: ബിഷപ് കാരിക്കശ്ശേരി

കൊച്ചി: ക്രൈസ്തവർ യേശുവിൽ നിന്ന് യഥാർത്ഥ ജ്ഞാനം സ്വീകരിച്ച് ലോകത്തെ പ്രകാശിപ്പിക്കുന്നവരാകണം. മതഗ്രന്ഥങ്ങളിലൂടെ പങ്കുവയ്ക്കപ്പെട്ട സാംസ്കാരിക പശ്ചാത്തലമല്ല, ജീവിതത്തെ നിരന്തരം വെല്ലുവിളിക്കുകയും നവീകരിക്കുകയും ചെയ്യുന്ന ദൈവികജ്ഞാനമാണ് തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടേണ്ടത്. ഇതിന്, ദൈവശാസ്ത്രം ദൈവഹിതം ആരായുന്ന തുടർപ്രക്രിയയായി മാറണമെന്ന് ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി പറഞ്ഞു. കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ പിഒസിയിൽ തിയോളജി പഠിച്ച പൂർവവിദ്യാർത്ഥി കളുടെ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സാമൂഹികനീതിയും സഹോദരസ്നേഹവും സ്വായത്തമാകുന്നതിനുള്ള വേദികളാവണം ദൈവശാസ്ത്ര പഠനക്ലാസുകൾ, അദ്ദേഹം പറഞ്ഞു.

അല്മായർ സഭയിൽ കാരുണ്യത്തിന്റെ പ്രേഷിതരാകണം എന്ന് അധ്യക്ഷപ്രസംഗത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറലും പിഒസി ഡയറക്ടറുമായ ഫാ. വർഗീസ് വള്ളിക്കാട്ട് പറഞ്ഞു. ഫാ. ഷിബു സേവ്യർ ഒസിഡി, ഡോ. സ്റ്റാൻലി മാതിരപ്പിള്ളി എന്നിവർ പ്രസംഗിച്ചു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോമാറ്റർ: പിഒസിയിൽ തിയോളജി കോഴ്സ് പഠിച്ച പൂർവവിദ്യാർത്ഥികളുടെ സംഗമം ബിഷപ് ജോസഫ് കാരിക്കശ്ശേരി ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഷിബു സേവ്യർ ഒസിഡി, തോമസ് നെല്ലിക്കൻ, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, മേരി പാറയിൽ, സി. ലില്ലി മരിയ, ഫെലിക്സ്, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, വിജി എന്നിവർ സമീപം